# കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്., പാറ്റൂർ, തിരുവനന്തപുരം

1253/E2/2007/KSBCDC 28/02/2018

## ദർഘാസ് നോട്ടീസ്

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പാറ്റൂരുള്ള ഹെഡ് ഓഫീസിലും, ഗസ്റ്റ് ഹൗസിലും കരാർ അടിസ്ഥാനത്തിൽ ശുചീകരണ ജോലിയ്ക്കായി അംഗീകൃത ഏജൻസികളിൽ നിന്നും താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരം മുദ്രവച്ച ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| 1 | ദർഘാസ് ഫാറത്തിന്റെ വില | 1500 + GST |
| 2 | ദർഘാസ് വിലയ്ക്ക് ലഭിക്കുന്ന അവസാന തീയതിയും, സമയവും | 12/03/2018 3 P.M. |
| 3 | ദർഘാസ് സ്വീകരിക്കേണ്ട അവസാന തീയതിയും സമയവും | 13/03/2018 3 P.M. |
| 4 | ദർഘാസ് തുറക്കുന്ന തീയതിയും സമയവും | 13/03/2018 4 P.M. |

## നിബന്ധനകൾ

(A) **ശുചീകരണ പ്രവർത്തികൾ സംബന്ധിച്ച്**

1. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പാറ്റൂരുള്ള ഹെഡ് ഓഫീസിലെ (മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന പ്രധാന ഓഫീസിലെ 4000 sq.ft.-ഉം, രണ്ടാം നിലയിൽ അക്കൗണ്ട്സ് വിഭാഗം പ്രവർത്തിക്കുന്ന 600 sq. ft.-ഉം) ശുചീകരണ പ്രവർത്തികൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും കുറഞ്ഞത് രണ്ടുപേരെ നിയോഗിച്ച് രാവിലെ 7 മണി മുതൽ 10 മണി വരെ ഭംഗിയായും വൃത്തിയായും തൃപ്തികരമാം വിധവും ജോലികൾ ചെയ്യേണ്ടതാണ്.

2. ഇതിനു പുറമെ കോർപ്പറേഷൻ ഹെഡ് ഓഫീസിലെ wash rooms, common area, തുടങ്ങിയ ഇടങ്ങൾ എപ്പോഴും വൃത്തിയായി സൂക്ഷിക്കുന്നതിനും, ഓഫീസിലെ ജീവനക്കാർക്കും, സന്ദർശകർക്കും, കുടിക്കാനാവശ്യമായ തിളപ്പിച്ച വെള്ളം, ചായ, മുതലായവ തയ്യാറാക്കുന്നതിനുമായി എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ ഒരാളെ നിയോഗിക്കേണ്ടതാണ്.

3. കോർപ്പറേഷന്റെ ഗസ്റ്റ് ഹൗസ് ആഴ്ചയിൽ മിനിമം 3 ദിവസം തൂത്ത് തുടച്ച് വൃത്തിയാക്കേണ്ടതാണ്.

4. ഓഫീസിലെയും, അതിഥി മന്ദിരത്തിലെയും ടെലിഫോണുകൾ, കമ്പ്യൂട്ടറുകൾ, TV എന്നിവ എല്ലാ പ്രവൃത്തി ദിവസങ്ങളിലും പൊടി തുടച്ച് വൃത്തിയാക്കേണ്ടതും, സീലിംഗ് ഫാൻ, ലൈറ്റ് ഷേഡുകൾ, വാതിൽ/ജനൽ ഗ്ലാസ്സുകൾ എന്നിവ 2 ആഴ്ചയിലൊരിക്കൽ തുടച്ച് വൃത്തിയാക്കേണ്ടതുമാണ്.

5. ടി കോർപ്പറേഷനിലെ ഹെഡ് ഓഫീസിലെ (രണ്ടാം നിലയും, മൂന്നാം നിലയും) തറയും, ഫർണിച്ചറുകളും, പരിസര പ്രദേശവും എല്ലാ പ്രവൃത്തി ദിവസവും തൂത്തു തുടച്ച് വൃത്തിയാക്കേണ്ടതാണ്. കൂടാതെ സീലിംഗിലും മറ്റുമുള്ള മാറാലകൾ, വാഹന പാർക്കിംഗിനുള്ള സ്ഥലം എന്നിവ ആഴ്ച്ചയിലൊരിക്കൽ പൊടി, ചവർ മുതലായവ നീക്കം ചെയ്ത് ശുചീകരണ ജോലികൾ ചെയ്യേണ്ടതാണ്.

6. ശുചീകരണത്തിന് ആവശ്യമായി വരുന്ന സാധനസാമഗ്രികൾ കോർപ്പറേഷൻ വാങ്ങി നൽകുന്നതാണ്.

7. കരാർ കാലാവധി, 01/05/2018 മുതൽ 30/04/2019 വരെയായിരിക്കുന്നതാണ്.

(B) **പൊതു നിർദ്ദേശങ്ങൾ**

1. ദർഘാസ് നിർദിഷ്ട ഫാറത്തിൽ തന്നെ സമർപ്പിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം പ്രസ്തുത പ്രവർത്തിയിൽ മുൻകാല പ്രവർത്തന പരിചയം, ഏജൻസി/സംഘടനയുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകളുടെ പകർപ്പ്, പ്രതിമാസ നിരക്കുകൾ രേഖപ്പെടുത്തിയ ദർഘാസുകൾ, 1000 രൂപയുടെ നിരതദ്രവ്യം മാനേജിംഗ് ഡയറക്ടർ, കെ.എസ്.ബി.സി. ഡി.സി.-യുടെ പേരിൽ മാറാവുന്ന ഡി.ഡി.യോ/ടി തുക ഒടുക്കിയ രസീതോ, നിർദ്ദിഷ്ട അധികാരികളിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകളുടെ (viz. PF Code, Certificate for Central Excise Service Tax License under Contract, Labour Act etc.) പകർപ്പ് സഹിതം 13/03/2018-ാം തീയതി ഉച്ചയ്ക്ക് 3 മണിയ്ക്ക് മുമ്പായി പാറ്റൂരുള്ള ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. മേൽ നിബന്ധനകൾ പാലിക്കാത്ത ദർഘാസുകൾ പരിഗണിക്കുന്നതല്ല.

2. ഏജൻസിയെ തെരെഞ്ഞെടുക്കുമ്പോൾ ദർഘാസുകൾ ലഭിച്ചിട്ടുള്ളതിൽ നിന്നും ഏറ്റവും നല്ല ഏജൻസിയെ തെരെഞ്ഞെടുക്കുന്നതിനുള്ള അവകാശം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.

3. അപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസി അറിയിപ്പ് കിട്ടി ഒരാഴ്ചയ്ക്കകം 500/- രൂപ മുദ്രപത്രത്തിൽ കരാർ വെയ്ക്കേണ്ടതും, കൂടാതെ ഒരു വർഷത്തേയ്ക്ക് അംഗീകരിക്കുന്ന മൊത്തം കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കേണ്ടതാണ്.

4. കരാർ കാലാവധിക്കുള്ളിൽ ഏൽപ്പിക്കുന്ന ജോലി തൃപ്തികരമാം വിധം ചെയ്യാത്തപക്ഷം ആയത് കരാർ ലംഘനമായി കണക്കാക്കി കരാർ ഏജൻസിയുടെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്ത് പുനർ ക്രമീകരണം നടത്തുന്നതാണ്.

5. മേപ്പടി നിബന്ധനകൾ പാലിക്കാത്തപക്ഷം കോർപ്പറേഷനുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഏജൻസികളിൽ നിന്നോ ഈടാക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് കെ.എസ്.ബി.സി.ഡി.സി. ഹെഡ് ഓഫീസുമായി ബന്ധപ്പെടുക.

മാനേജിംഗ് ഡയറക്ടർ

പകർപ്പ് : പത്ര പരസ്യം (window പരസ്യം)
നോട്ടീസ് ബോർഡ്
വെബ് സൈറ്റ് - www.ksbcdc.com

**മുകളിൽ പറഞ്ഞ നിബന്ധനകൾ മനസ്സിലാക്കി അംഗീകരിച്ചുകൊണ്ട് താഴെപ്പറയും പ്രകാരം ക്വാട്ട് ചെയ്യുന്നു.**

| | | മൊത്തം തുക പ്രതിമാസം |
|---|---|---|
| ശുചീകരണം | 02 പേർ | |
| ആകെ (എല്ലാ നികുതികളും ഉൾപ്പെടെ) | | |

അക്ഷരത്തിൽ ; ____________________

പേര് : ____________________

ഒപ്പ് : ____________________

മേൽവിലാസം : ____________________

____________________

____________________

മൊബൈൽ നമ്പർ : ____________________

ഇ–മെയിൽ : ____________________

ഏജൻസി / സംഘടനയുടെ പേര് : ____________________

രജി. നമ്പർ : ____________________

സീൽ